(ബി) ലോകസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റചട്ടം നിലവിലിരുന്നത്, ഇ-ടെണ്ടറിംഗ് പ്രക്രിയയിലേക്കുള്ള മാറ്റം, ഒട്ടേറെ പ്രാദേശിക തടസ്സങ്ങൾ എന്നിവ ചെലവ് ശതമാനം മുൻ വർഷത്തേക്കാൾ കുറയുവാൻ കാരണങ്ങളായിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഭജനംമൂലമുള്ള പ്രശ്നങ്ങൾ

147 (5499) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായി മാറി എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഗ്രാമവികസനം, പഞ്ചായത്ത്, നഗരസഭകൾഎന്നിവ തമ്മിൽ വേർപ്പെടുത്തിയതും വകുപ്പുകൾ മൂന്ന് മന്ത്രിമാരുടെ കീഴിലായതും, അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ പരാജയപ്പെട്ടതും ,അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കും വികസനത്തിനും വിഘാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-4-2011 മുതൽ പ്രാബല്യത്തിൽവരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പിൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 26-2-2011-ന് സ.ഉ.(കൈ) നമ്പർ 61/2011/ത.സ്വ.ഭ.വ. പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിക്കുവാനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly